**പതിനാറാം കേരള നിയമസഭ**

**ബുള്ളറ്റിൻ - ഭാഗം 2**

2026 ജൂൺ 23

നമ്പർ 24

കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 232-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടമനുസരിച്ച് സ്പീക്കർ സഭാ നേതാവുമായി കൂടിയാലോചിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

**നിർദ്ദേശങ്ങൾ**

**സബ്ജക്ട് കമ്മിറ്റികൾ - വിഷയങ്ങളുടെ പുനർവിന്യാസം**

1. സബ്ജക്ട് കമ്മിറ്റി XIV (ആഭ്യന്തര കാര്യങ്ങൾ)-ൽ ഉൾപ്പെട്ടുത്തിയിരുന്ന 'വിവരസാങ്കേതികവിദ്യ', സബ്ജക്ട് കമ്മിറ്റി IV (വ്യവസായവും ധാതുക്കളും)-ലേയ്ക്ക് മാറ്റി നൽകിയിരിക്കുന്നു.

2. സബ്ജക്ട് കമ്മിറ്റി IX (തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)-ൽ ഉൾപ്പെട്ടുത്തിയിരുന്ന 'ന്യൂനപക്ഷ ക്ഷേമം', സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം)-ലേയ്ക്ക് മാറ്റി നൽകിയിരിക്കുന്നു.

3. സബ്ജക്ട് കമ്മിറ്റി XIV (ആഭ്യന്തര കാര്യങ്ങൾ)-ൽ ഉൾപ്പെട്ടുത്തിയിരുന്ന 'പാർലമെന്ററി കാര്യങ്ങൾ', സബ്ജക്ട് കമ്മിറ്റി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)-ലേയ്ക്ക് മാറ്റി നൽകിയിരിക്കുന്നു.

4. സബ്ജക്ട് കമ്മിറ്റി XIV (ആഭ്യന്തര കാര്യങ്ങൾ)-ൽ ഉൾപ്പെട്ടുത്തിയിരുന്ന ചുവടെപ്പറയുന്ന വിഷയങ്ങൾ സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)-ലേയ്ക്ക് മാറ്റി നൽകിയിരിക്കുന്നു.

- നീതിന്യായ നിർവ്വഹണം

- തിരഞ്ഞെടുപ്പുകൾ (സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകൾ ഒഴികെ)
- പൊതുഭരണം (എല്ലാ സർവ്വീസുകാര്യങ്ങളും ഉൾപ്പെടെ)
- ഇൻഫർമേഷനും പബ്ലിക് റിലേഷനും
- പ്രവാസി കേരളീയരുടെ കാര്യങ്ങൾ
- വിമാനഗതാഗതം
- ശാസ്ത്രവും സാങ്കേതികവിദ്യയും (ഗവേഷണം ഉൾപ്പെടെ)
- മറ്റു ഏതൊരു കമ്മിറ്റിയിലും ഉൾപ്പെടാത്ത മറ്റ് എല്ലാ വിഷയങ്ങളും.

5. സബ്ജക്ട് കമ്മിറ്റി X (വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)-ൽ 'നൈപുണ്യ വികസനം (Skill Development)' എന്ന വിഷയം കൂട്ടിച്ചേർത്തിരിക്കുന്നു.

ഷാജി സി. ബേബി

സെക്രട്ടറി-ഇൻ-ചാർജ്ജ്